**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണം - മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ നിന്നും ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക പത്തനംതിട്ട ജില്ലാ ഓഫീസിലേയ്ക്കും ഹെഡ് ക്ലാർക്കിന്റെ തസ്തിക മുഖ്യനഗരാസൂത്രകന്റെ :കാര്യാലയത്തിലേയ്ക്കും താൽക്കാലികമായി മാറ്റിയത് പുന:പരിശോധിച്ച് ആയവ തൽസ്ഥാനത്ത് നിലനിർത്തി ഉത്തരവാകുന്നു.

.==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 71/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.01.2014

==========================================================================

പരാമർശം:-
1) സ.ഉ. (സാധാ) നം. 2731/12/LSGD തീയതി 29.09.2012.
2) സ.ഉ. (സാധാ) നം. 1003/13/തസ്വഭവ. തീയതി 16.04.2013.
3) മുഖ്യനഗരാസൂത്രകന്റെ 05.10.2013-ലെ എ2-8854/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ജൂനിയർ സൂപ്രണ്ടിന്റെ ഒരു തസ്തിക പത്തനംതിട്ട ടൗൺ പ്ലാനിംഗ് ഓഫീസിലേയ്ക്കും അവിടെ നിന്നും ഒരു ഹെഡ്ക്ലാർക്ക് തസ്തിക മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലേയ്ക്കും പരാമർശം ഒന്നാമതായി വായിച്ച സ.ഉ. പ്രകാരം താൽക്കാലികമായി പരസ്പരം മാറ്റി ഉത്തരവായിരുന്നു. പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം 6 മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവു പ്രകാരം ദീർഘിപ്പിച്ച കാലയളവ് 28.09.2013-ൽ അവസാനിച്ച സാഹചര്യത്തിൽ ടി തസ്തികകൾ 29.09.2013 മുതൽ അനുമതിയില്ലാതെ മാറ്റപ്പെട്ട നിലയിൽ തുടരുകയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് തസ്തികയും പത്തനംതിട്ട ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ ഹെഡ്ക്ലാർക്കിന്റെ തസ്തികയും പരസ്പരം മാറ്റപ്പെട്ട നിലയിൽ തുടരുന്നതിന് ഭരണപരമായ ആവശ്യകത ഇല്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി തസ്തികകൾ പരസ്പരം മാറ്റിയ ഉത്തരവ് പുന:പരിശോധിച്ച് പൂർവ്വസ്ഥിതിയിൽ നിലനിർത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. റംലത്ത്,**
**അണ്ടർ സെക്രട്ടറി.**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
ടൗൺ പ്ലാനർ, പത്തനംതിട്ട ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**